111555
18/5/17

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസറഗോഡ് ജില്ല - കാസറഗോഡ് താലൂക്ക് - ശ്രീ കൃഷ്ണ മുഖാരിയ്ക്ക് ധനസഹായം അനുവദിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നമ്പർ : **2237/2017/റവ.** തിരുവനന്തപുരം തീയതി, **16/05/2017**

---

പരാമർശം (1) : 04.12.2015 ലെ ജി.ഒ. (ആർ.റ്റി) നം. 6474/15/റവ നമ്പർ സർക്കാർ ഉത്തരവ്

(2) : 25.08.2016 ലെ ജി.ഒ. (എം.എസ്) നം. 475/16/റവ നമ്പർ സർക്കാർ ഉത്തരവ്

(3) : കാസറഗോഡ് ജില്ലാ കളക്ടറുടെ 01.02. 2017 ലെ 8005 /2016/L6 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.കൃഷ്ണ മുഖാരി , ദേവി കൃപ ഹൗസ് , ബേള വില്ലേജ് , കാസറഗോഡ് എന്നയാൾക്ക് ടിയാന്റെ മകൾ കുമാരി. ഡി . എം. ശില്പയുടെ ചികിത്സയ്ക്കായി പരാമർശം (1) , (2) പ്രകാരം ഒരു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ പരാമർശം (2) ലെ സർക്കാർ ഉത്തരവിൽ ആദ്യം അനുവദിച്ചതിനു പുറമേ എന്ന് രേഖപെടുത്താത്തതിനാൽ ടിയാന് രണ്ടാമത് അനുവദിച്ച ഒരു ലക്ഷം രൂപ കൈപ്പറ്റാൻ സാധിച്ചിട്ടില്ല എന്ന് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, ശ്രീ. കൃഷ്ണ മുഖാരി യുടെ മകൾ കുമാരി. ഡി . എം. ശില്പയുടെ ചികിത്സയ്ക്കായി പരാമർശം (2) പ്രകാരം (ക്രമ. നം 33 ) അനുവദിച്ച ഒരു ലക്ഷം രൂപ ആദ്യം അനുവദിച്ച ഒരു ലക്ഷം രൂപയ്ക്ക് പുറമേ എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**സന്തോഷ് കുമാർ. ടി.കെ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ ,കാസറഗോഡ്
തഹസിൽദാർ ,കാസറഗോഡ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
✓ വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**